പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5177 02.07.2013 -ൽ മറുപടിക്ക്

<u>കരുനാഗപ്പള്ളിക്കുള്ള ബസ്സ് സർവ്വീസ് പുനരാരംഭിക്കാനുള്ള നടപടി</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. ആർ. രാജേഷ് : ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2012 – 13 –ൽ കെ.എസ്.ആർ.ടി.സി. എത്ര സർവ്വീസുകൾ പുതുതായി ആരംഭിച്ചു ; പ്രസ്തുത കാലയളവിൽ എത്ര ഷെഡ്യൂളുകൾ ആരംഭിച്ചു ; പ്രസ്തുത കാലയളവിൽ പിൻവലിച്ച സർവ്വീസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | 176 പുതിയ ഷെഡ്യൂളുകൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ഒരു സർവ്വീസും സ്ഥിരമായി നിർത്തലാക്കിയിട്ടില്ല. എന്നാൽ ബസ്സിന്റെ കുറവു കൊണ്ടും വരുമാനക്കുറവ് മൂലവും ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ റദ്ദാക്കാറുണ്ട്. |
| (ബി) | മാവേലിക്കര - കറ്റാനം - ചൂനാടുവഴി കരുനാഗപ്പള്ളിക്കുള്ള ബസ് സർവ്വീസ് പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി) | ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറക്ക് സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | മാവേലിക്കര ഡിപ്പോയിലെ റദ്ദ് ചെയ്യപ്പെട്ട സർവ്വീസുകൾ ഏതൊക്കെയാണ് ; ഈ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) | സ്ഥിരമായി ഒരു സർവ്വീസും റദ്ദ് ചെയ്തിട്ടില്ല.<br>07.05 പന്തളം - വണ്ടാനം,<br>07.00 ഹരിപ്പാട് - ചുനക്കര ക്ഷേത്രം,<br>05.45 കരുനാഗപ്പള്ളി-ഈരേഴ-കായംകുളം,<br>06.00 ഓച്ചിറ-ചെട്ടികുളങ്ങര-കായംകുളം,<br>06.30 ചെങ്ങന്നൂർ എന്നീ സർവ്വീസുകൾ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് മൂലം താൽക്കാലികമായി റദ്ദ് ചെയ്തിരിക്കുകയാണ്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ഈ സർവ്വീസുകൾ പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മാവേലിക്കരെയിൽ നിന്നും വാരോണിക്കൽ വഴിയുള്ള കരുനാഗപ്പള്ളി സർവ്വീസ് അടിയന്തിരമായി പുനരാരംഭിക്കുമോ ? | (ഡി) | സർവ്വീസ് ഇപ്പോൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ